# GOVT. ITE PALAKKAD

## STUDY TOUR - PROGRAMME AT A GLANCE

**06.12.2016 - 08.12.2016**
**Kozhikode - Kannur - Wayanad**

**06.12.2016 (Tuesday)**

| | | | |
|---|---|---|---|
| Starting from ITE | | - | 6.00 A.M. |
| Breakfast at Malappuram | | - | 8.30 A.M. |
| 1. | Regional Science Centre & Planetarium, Calicut | - | 9.30 A.M. |
| | **Lunch Break** | **-** | **12.30 P.M. - 1.30 P.M.** |
| 2. | Kappad Beach | - | 2.30 P.M. |
| 3. | Muzhappilangad Drive in Beach | - | 4.00 P.M. |
| 4. | St. Angelo Fort Kannur | - | 5.30 P.M. - 6.30 P.M. |

**Over Night Stay at :**

Sikshak Sadan Kannur
Puzhathi Housing Colony - 670 002
Phone : 0497-2703855

**07.12.2016 (Wednesday)**

| | | | |
|---|---|---|---|
| 5. | Parassinikadavu Muthappan Temple, Parassinikadavu | : | 6.30 A.M. |
| 6. | Snake Park - Pappinisseri | - | 8.30 A.M. |
| | Starting to Wayanad Via : Kuthuparamba - Kottiyur - Perya) | - | 9.00 A.M. |
| 7. | Pazhassi Musium Mananthavadi | - | 12.30 P.M. |
| | **Lunch Break** | **-** | **1.00 P.M. - 2.00 P.M.** |
| 8. | Kuruva Island - Mananthavady | - | 3.30 P.M. |
| | Mahavishnu Temple, Thirunelli | - | 6.00 P.M. |
| 9. | Wayanad | | |
| | DIET Sulthan Batheri | - | 7.30 P.M. |

**Over Night Stay at DIET Wayanad**

**08.12.2016 (Thursday)**

| | | | |
|---|---|---|---|
| 10. | Edakkal Cave - Ambalavayal | - | 9.30 A.M. |
| | **Lunch Break** | **-** | **12.30 P.M. - 1.30 P.M.** |
| 11. | Regional Agril. Research Station, Ambalavayal Wayanad | - | 1.30 P.M. |
| 12. | Heritage Musium Ambalavayal, Wayanad | - | 3 P.M. |
| 13. | Wayanad Ghat Passage - Lakkidi (Wayanad Churam) | - | 4 P.M. |
| 14. | Pookode Fresh Water Lake | - | 5 P.M. |
| | Purchasing at Pookod - Kalpatta | | |
| | Return Journey to Palakkad | - | 7.30 P.M. |





# GOVT. T.T.I.(W) PALAKKAD

## AMBIKAPURAM- P O

## List of Students who participate the tour

### STUDY TOUR 2016-17 OF D.ED FOURTH SEMESTER STUDENTS

| Sl No | Name |
|---|---|
| 1 | ANJALI. A.M. |
| 2 | ANJANA.P. |
| 3 | ATHIRA.K |
| 4 | ATHIRA.M. |
| 5 | DIVYA VARMA.K |
| 6 | HASNA.I |
| 7 | MALUFA PARVIN. I |
| 8 | NAZRIYA.K |
| 9 | PRAJITHA.R |
| 10 | PREETHA.A |
| 11 | RESMI.T.R |
| 12 | ROSHNI KRISHNA. B |
| 13 | SARANYA.E.S |
| 14 | SARITHA. P.M |
| 15 | SHABHANA.T.P |
| 16 | SHEREENA.S |
| 17 | SMITHA NAIR |
| 18 | SONIYA.C |
| 19 | SONIYA.S. |
| 20 | SREEMATHI.K.K |
| 21 | SULFATH.T.S |

### STAFF

| | | | |
|---|---|---|---|
| 1 | Kanakamani. C.K | Principal | 9496753494 |
| 2 | Mohanan. E.C | Teacher Educator | 9446034578 |
| 3 | Somasundharan. B | Teacher Educator | 9497514098 |
| 4 | Jayalakshmy. P.V | Teacher Educator | 9446395670 |

# Important Phone Numbers and Transporting

| | | |
|---|---|---|
| Vehicle | - | Maharani Travels, Palakkad.<br>Mob. 9447074324 |
| Vehicle No. | - | KL - 9 / AL - 8433 |
| Bus Driver | - | Muhammed Hamza |
| Phone | - | |
| Govt. ITE Palakkad | | |
| Phone | - | 0491-2578235 |
| Principal | - | Smt. Kanakamani |
| Phone No. | - | 9496753494 |

## Escording Staff

| | | | |
|---|---|---|---|
| 1. | E.C. Mohanan<br>Phone | -<br>- | Convenor - Study Tour<br>9446034578 |
| 2. | Somasundaran.A. | - | 9497514098 |
| 3. | Jayalakshmi | - | 9446395670 |

## Accommodation

**06.12.2016 (Thursday)**

Sikshak Sadan - Kannur
Puzhatti Housing Colony
Kannur Town - 670 002
Phone : 04972-703588

**07.12.2016 (Wednesday)**

DIET Wayanad
Sulthan Batheri
Ph : 04936-220790

## 06.12.2016 - 9.30 A.M.

### കോഴിക്കോട് ജില്ല

തെക്കേ ഇന്ത്യയിലെ പ്രധാന തീരദേശ പട്ടണമാണ് കോഴിക്കോട്. പുരാതനകാലം മുതൽ സുഗന്ധ വ്യഞ്ജനങ്ങളുടെ മാർക്കറ്റാണ് കോഴിക്കോടിന് പ്രാധാന്യം നൽകുന്നത്. പോർച്ചുഗീസുകാർ 1498ൽ വന്നിറങ്ങിയ കാപ്പാട് കടപ്പുറം ഇവിടെയാണ്. കോഴിക്കോട് ബീച്ചിൽ അസ്തമയം ആസ്വദിക്കാനായി നിരവധി സഞ്ചാരികൾ എത്താറുണ്ട്. മാനാഞ്ചിറ എന്നറിയപ്പെടുന്ന കൃത്രിമ കുളം, മ്യൂസിക് ഫൗണ്ടൻ, പാർക്ക്, മിഠായ് തെരുവ് തുടങ്ങിയ പ്രധാന ആകർഷകകേന്ദ്രങ്ങളാണ്. ബേബൂർ തുറമുഖം, ഉരുനിർമ്മാണ കേന്ദ്രം, കല്ലായ്തടി വ്യവസായകേന്ദ്രം എന്നിവ പ്രമുഖ വ്യവസായകേന്ദ്രങ്ങളാണ്.

**1. <u>Regional Science Centre & Planatarium, Calicut</u>**

**Phone : 0495-2770571 - Near Jaffarkhan Colony, Kozhikode**

മലബാർ മേഖലയിലെ ജനങ്ങളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ NCSMന്റെ മേൽനോട്ടത്തിൽ കോഴിക്കോട് ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് RSCP. ശാസ്ത്രം പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കുന്നതിന് ധാരാളം പ്രദർശനങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടാതെ 3D തിയേറ്റർ, വാനനിരീക്ഷണ കേന്ദ്രം, ഉന്നത സാങ്കേതികമികവോടെയുള്ള പ്ലാനറ്റേറിയം, ലൈഫ് സയൻസ് ഗാലറി, മിറർ മാജിക് ഗാലറി, ഓഷ്യൻഗാലറി, ബഹിരാകാശ ഗാലറി, ഡിനോസർ പാർക്ക് തുടങ്ങിയ നിരവധി പ്രദർശനങ്ങളും ഇവിടെയുണ്ട്. 1997 ജനുവരിയിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുതുടങ്ങിയത്.





## 2. മുഴപ്പിലങ്ങാട് ബീച്ച് – 4.00 P.M.



NH 66ന് സമാന്തരമായ തലശ്ശേരിക്കും കണ്ണൂർ നഗരത്തിനും ഇടയിലായി 5 കിലോമീറ്ററിലധികം നീളത്തിൽ വ്യാപിച്ചു കിടക്കുന്ന അറബിക്കടലിൻ തീരമാണ്. ഈ ബീച്ച്. ഇന്ത്യയിലെതന്നെ ഏറ്റവും പ്രസിദ്ധമായ ഡ്രൈവ്-ഇൻ-ബീച്ചാണ് മുഴപ്പിലങ്ങാട്. അഞ്ചരക്കണ്ടിപുഴ കടലിൽ ചേരുന്നതും ഈ ഭാഗത്താണ്. ബൈക്കുകളും കാറുകളുമടക്കമുള്ള വാഹനങ്ങൾ കടൽജലം ചീറ്റിച്ച് ഓടിക്കുന്ന കാഴ്ച നമുക്കിവിടെ കാണാം. ധാരാളം ടൂറിസ്റ്റുകളെ ഈ തീരം ആകർഷിക്കുന്നു.



## 3. St. Angelos Fort (കണ്ണൂർ കോട്ട) 5.30 P.M.



1505ൽ ഇന്ത്യയിലെ ആദ്യ പോർച്ചുഗീസ് വൈസ്രോയി ഫ്രാൻസിസ്ക്കോ ഡീ അൽമേഡയാണ് ഈ കോട്ട പണിതീർപ്പിച്ചത്. പിന്നീട് സാമൂതിരിയും ഡച്ചുകാരും ഈ കോട്ട കീഴടക്കിയിട്ടുണ്ട്. തുടർന്ന് അറയ്ക്കൽ അലി രാജാവ് 1772 വിലയ്ക്കു വാങ്ങുകയും 1790ൽ ബ്രിട്ടീഷുകാർ പിടിച്ചടക്കി മിലിറ്ററി കേന്ദ്രമാക്കി. ഇപ്പോൾ ASIയുടെ കീഴിൽ കോട്ട സംരക്ഷിച്ചുവരുന്നു. കണ്ണൂർ കന്റോൺമെന്റിന്റെ ഏരിയയിൽ ധാരാളം യാത്രികരെ ആകർഷിച്ചുവരുന്നു. 2015ൽ നടന്ന ഖനനത്തിലൂടെ വിവിധ ഭാരത്തിലുള്ള ആയിരത്തോളം പീരങ്കി ഉണ്ടകൾ ഈ കോട്ട ഭാഗത്തുനിന്നും കണ്ടെടുത്തു. ഒരു ഭാഗത്ത് അറബികടലും മറുഭാഗത്ത് കണ്ണൂർ ഫീഷിംഗ് ഹാർബറും ചേർന്ന കാഴ്ച മനോഹരമാണ്. വൈകുന്നേരം 5 മണിവരെ മാത്രമേ പ്രവേശനാനുമതിയുള്ളൂ.



## കണ്ണൂർ 07.02.2016 : 6.30 A.M.(Wednesday)

തെയ്യങ്ങളുടെ നാടായ കണ്ണൂർ കേരളത്തിന്റെ വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. തെക്ക് കോഴിക്കോട്, വയനാട് ജില്ലകളും വടക്ക് കാസർഗോഡ് ജില്ലയും കിഴക്ക് കർണാടകവും പടിഞ്ഞാറ് അറബികടലുമാണ് അതിരുകൾ. പ്രാചീനകാലത്തുതന്നെ പേരുകേട്ട തുറമുഖങ്ങളിലൊന്നാണ് കണ്ണൂർ. ഇറ്റാലിയൻ സഞ്ചാരിയായ മാർക്കോപോളയും സുഗന്ധദ്രവ്യങ്ങളുടെ നാടായ കണ്ണൂരിനെക്കുറിച്ച് പറയുന്നുണ്ട്. കോലത്തിരിമാരും അറയ്ക്കൽ രാജവംശവുമായിരുന്നു പ്രധാന നാടുവാഴികൾ.

## 4. പറശ്ശിനികടവ് മുത്തപ്പൻ ക്ഷേത്രം



കണ്ണൂർ പട്ടണത്തിൽനിന്നും 20 കി.മീ. അകലെയായി വളപ്പട്ടണം പുഴയുടെ തീരത്താണ് പറശ്ശിനിമടപ്പുര. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനാനുമതിയുള്ള ക്ഷേത്രമാണിത്. മറ്റു ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി പൂജാരിയായിട്ടുള്ളത് തിയ്യ സമുദായമാണ്. നിവേദ്യായി കള്ള്, മത്സ്യം തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്. ഭക്തർക്ക് ചായയും പയർ-തേങ്ങാകൊത്തും ചേർന്ന പുഴുക്ക് പ്രസാദമായി ചെന്നെത്തിയ ഉടൻ നൽകുന്നുണ്ട്. ഉച്ചയ്ക്കും രാത്രിയും എല്ലാ ഭക്തർക്കും സൗജന്യ ഭക്ഷണവും വിതരണം ചെയ്യുന്നു.

ശ്രീ മുത്തപ്പനോടൊപ്പം നായയും കൂട്ടിനുണ്ട്. ക്ഷേത്ര പ്രവേശനത്തിൽ ലോഹത്തിൽ തീർത്ത നായകളാണ് വരവേൽക്കുന്നത്. മുത്തപ്പൻ തെയ്യത്തിന്റെ എഴുന്നള്ളത്തും വെള്ളാട്ടുമാണ് പ്രധാന ആകർഷണം. പരമശിവനാണ് പ്രതിഷ്ഠ.




## പാപ്പിനിശ്ശേരി – പാമ്പുവളർത്തൽ കേന്ദ്രം 8.30 A.M.



കേരളത്തിലെ പ്രസിദ്ധമായ പാമ്പു വളർത്തൽ കേന്ദ്രം കണ്ണൂരിലെ പാപ്പിനിശ്ശേരിയിലാണ്. വളപ്പട്ടണം പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഇവിടെ ദിവസേന ധാരാളം ആളുകൾ സന്ദർശനത്തിനെത്താറുണ്ട്. കണ്ണൂരിൽ നിന്നും 16 km ആണ് ദൂരം. പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ വിവിധയിനം പാമ്പുകൾ, ചെറുജീവികൾ, പക്ഷികൾ എന്നിവയെ വളർത്തുന്നു. കേരളത്തിലെ പ്രസിദ്ധമായ വിഷചികിത്സാകേന്ദ്രം കൂടിയാണ് ഇവിടം.



## വയനാട് 07.02.2016 (Wednesday)




'കേരളത്തിലെ ഊട്ടി' എന്നറിയപ്പെടുന്ന വയനാട് സുഗന്ധദ്രവ്യങ്ങളുടെ നാടുകൂടിയാണ്. വടക്കു-കിഴക്കുഭാഗത്ത് കർണാടകവും തമിഴ്നാടും തെക്ക് മലപ്പുറം – കോഴിക്കോട് ജില്ലകൾ, പടിഞ്ഞാറ് കോഴിക്കോട് – കണ്ണൂർ ജില്ലകൾ അതിർത്തി പങ്കിടുന്നു. വയലുകളുടെ നാട് എന്നർത്ഥമുള്ള വയൽ നാട് എന്ന വാക്കിൽനിന്നാണ് വയനാട് എന്ന പേരുണ്ടായത്. അതിപ്രാചീന ചരിത്രമുള്ള ഈ പ്രദേശം പഴശ്ശിരാജ, ഹൈദർ അലി, ടിപ്പുസുൽത്താൻ തുടങ്ങിയവരും ബ്രിട്ടീഷുകാരും ഭരിച്ചിട്ടുണ്ട്. കുറിച്യർ, കുറുമർ, കാട്ടുനായ്ക്കർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾ പാർക്കുന്ന ഇവിടേയ്ക്ക് പിന്നീട് ധാരാളം കുടിയേറ്റക്കാർ വന്നുചേർന്നു.

## പഴശ്ശി മ്യൂസിയം 12.30 P.M.



'കേരള സിംഹം' എന്നറിയപ്പെടുന്ന പഴശ്ശിരാജാവിന്റെ ശവകുടീരം ഇവിടെയാണ്. കൽപ്പറ്റയിൽനിന്നും 32 കി.മീ. അകലെ മാനന്തവാടിയിൽ ഉള്ള ഈ സ്മാരകത്തിൽ പഴശ്ശിരാജാവ് ഉപയോഗിച്ചതായി കരുതുന്ന വസ്തുക്കൾ സൂക്ഷിച്ചിട്ടുണ്ട്. വയനാടൻകാടുകളിൽ കുറിച്ച്യപടയുടെ സഹായത്തോടെ ഗറില്ലായുദ്ധ തന്ത്രത്തിലൂടെ ബ്രിട്ടീഷ് പടയെ നേരിട്ട പഴശ്ശിരാജയ്ക്ക് ഉചിതമായ സ്മാരകമാണ് ഇവിടെയുള്ളത്. മാവിലാംതോട് അദ്ദേഹത്തിന്റെ ശവകുടീരവും സ്ഥിതിചെയ്യുന്നു.

## കുറുവദ്വീപ് – വയനാട് – 3.30 p.m.

അപൂർവ്വ ഇനം വൃക്ഷങ്ങളും വള്ളികളും വളരുന്ന കുറുവ ദ്വീപ്, എവർഗ്രീൻ ഫോറസ്റ്റ് ആണ്. ദ്വീപിനുചുറ്റുമായി പ്രകൃതിദത്തമായി ശുദ്ധീകരിച്ച പുഴയൊഴുകുന്നു. പുഴയിലൂടെ ദ്വീപിലേക്ക് കടക്കുന്നതിന് മുളചങ്ങാടമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ധാരാളം പക്ഷികളും മൃഗങ്ങളും ഉൾപ്പെടെ വസിക്കുന്ന ഈ പ്രദേശത്ത് ലോകമെമ്പാടുനിന്നും നിരവധി വിനോദസഞ്ചാരികൾ സന്ദർശനത്തിനെത്തുന്നു. ശുദ്ധജലത്തിലെ കുളിക്കാനുള്ളസൗകര്യം സന്ദർശകർ ഉപയോഗപ്പെടുത്തുന്നു. കബനി നദിയുടെ പോഷകനദിയായ ബാവലിപുഴയാണ് ഈ ദ്വീപിന് മനോഹാരിത നൽകുന്നത്. മാനന്തവാടിയിൽ നിന്നും 17 കി.മീ. അകലെ പുൽപള്ളിയോട് ചേർന്നാണ് ഈ പ്രദേശം. 950 ഏക്കർപ്രദേശത്ത് പരന്നുകിടക്കുന്ന ഡെൽറ്റയാണ് ഇതിന്റെ പ്രത്യേകത. വനസംരക്ഷണസമിതിയും കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ചേർന്ന് ഇവിടം സംരക്ഷിക്കുന്നു.





**തിരുനെല്ലി ക്ഷേത്രം – 6.00 p.m.**



ബ്രഹ്മഗിരിയുടെ താഴ്‌വാരത്തിലുള്ള പ്രാചീനമായ വിഷ്ണുക്ഷേത്രമാണിവിടം. പിതൃതർപ്പണത്തിന് പ്രസിദ്ധമായ പാപനാശിനിപുഴ ഇവിടെയാണ്. ധാരാളം ആളുകൾ പിതൃതർപ്പണത്തിനായ് ഇവിടെ സന്ദർശനത്തിനെത്തുന്നു. താമസത്തിനായി ചുരുങ്ങിയ വാടകയ്ക്ക് ദേവസ്വം ഗസ്റ്റ് ഹൗസിൽ റൂമുകളും ഡോർമെറ്ററിയും ഇവിടെ ലഭ്യമാണ്. സൗജന്യഭക്ഷണവും ഇവിടെ ലഭ്യമാണ്. ചുറ്റും മലനിരകളും മധ്യഭാഗത്തെ ഉയർന്ന പ്രദേശത്തായി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. വയനാട് ജില്ലയിലെ പ്രധാന വനമേഖലയായ തോൽപ്പെട്ടി വന്യമൃഗസങ്കേതത്തിലാണ് ഈ ക്ഷേത്രം. അതുകൊണ്ടുതന്നെ യാത്രയിൽ വന്യമൃഗങ്ങളെ ധാരാളം കാണുവാനവസരമുണ്ട്. മാനന്തവാടിയിൽനിന്നും 35 കി.മീ.ൽ അധികം ദൂരമുണ്ട് ഈ ക്ഷേത്രത്തിലേയ്ക്ക്.



## 08.12.2016 : 9.30 a.m.

### എടയ്ക്കൽ ഗുഹ



അമ്പലവയലിനടുത്ത് അമ്പുകുറ്റിമലയിലാണ് എടയ്ക്കൽ ഗുഹ സ്ഥിതിചെയ്യുന്നത്. പ്രകൃതിദത്തമായ രണ്ടു ഗുഹകൾ ചേർന്നതാണ് എടയ്ക്കൽ. കൽപ്പറ്റയിൽ നിന്നും 25 കി.മീ. അകലെയാണ് ഈ പ്രദേശം. പശ്ചിമഘട്ടമലനിരയിൽ 1200 മീറ്റർ ഉയരമുള്ള ഈ പ്രദേശത്തുകൂടിയാണ് പ്രാചീനകാലത്ത് മലബാർ തീരപ്രദേശങ്ങൾ മൈസൂരുമായി വ്യാപാരബന്ധം സ്ഥാപിച്ചിരുന്നത്. നവീന ശിലായുഗത്തിലെ (6000 BCE) മനുഷ്യവാസത്തിന് തെളിവുനൽകുന്ന കല്ലിൽ കൊത്തിയിട്ടുള്ള ചിത്രങ്ങളാണ് ഇവിടത്തെ മുഖ്യ ആകർഷണം. 1890ൽ ബ്രിട്ടീഷ് പോലീസ് ഓഫീസറായ ഫ്രെഡ് ഫാസ്റ്റ് ആണ് ഈ ഗുഹ കണ്ടെത്തിയത്. പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമാണിവിടം.



## RARS അമ്പലവയൽ – 1.30 P.M.

കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രമാണത് (RARS). കാർഷികമേഖലയ്ക്ക് ആവശ്യമായ ഗവേഷണം, നടീൽ വസ്തുക്കളുടെ ഉൽപാദനം, വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും പരിചരണം തുടങ്ങിയ മേഖലകളിൽ നിരവധി നേട്ടങ്ങളുണ്ടാക്കിയുള്ള സ്ഥാപനമാണ് കാർഷിക ഗവേഷണകേന്ദ്രം. തണുപ്പുകാല പച്ചക്കറി വിളകൾ ഉത്പാദിപ്പിച്ച് വിപണനം, വിത്തുകളുടെ ഉൽപ്പാദനം എന്നിവ കർഷകർക്കായി നടപ്പിലാക്കുന്നു. കൂടാതെ കാർഷിക പരിചരണരീതികൾ, സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപാദനം, സംസ്കരണം, വിവിധ കർഷ

കർക്കാവശ്യമായ പരിശീലനം എന്നിവയും ഇവിടെ സംഘടിപ്പിച്ചുവരുന്നു. തണുപ്പുകൂടിയ കാലാവസ്ഥയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ടിഷ്യൂകൾച്ചർ, ബയോടെക്നോളജി തുടങ്ങിയ ആധുനിക സസ്യ പ്രവർദ്ധകരീതികളിൽ ഗവേഷണം നടക്കുന്നു. കേരളത്തിനാവശ്യമായ നിരവധി പച്ചക്കറി, സുഗന്ധവ്യഞ്ജനയിനങ്ങൾ, കാപ്പി, തേയില, കൊക്കോ തുടങ്ങിയവ ഉത്പാദിപ്പിച്ചും വളർത്തുപക്ഷി - മൃഗാദികളുടെ ഉത്പാദനം, പരിചരണം എന്നിവ നടത്തിയും ഒട്ടേറെ നേട്ടങ്ങൾ ഈ സ്ഥാപനത്തിന് അവകാശപ്പെടാം. കേരളത്തിലെ ഏറ്റവും വലിയ റോസ് ഗാർഡൻ (500ൽപരം ഇനങ്ങൾ) ഉള്ള ഇവിടെ എല്ലാവർഷവും ഫ്ളവർഷോ സംഘടിപ്പിക്കാറുണ്ട്.






## വയനാട് ഹെറിറ്റേജ് മ്യൂസിയം - 3 p.m.

വയനാട് ജില്ലയിൽ നവീന ശിലായുഗത്തിൽ തന്നെ ജനജീവിതം ആരംഭിച്ചിരുന്നു എന്നതിന്റെ തെളിവുകളുമായി ആർക്കിയോളജിക്കൽ മ്യൂസിയം അമ്പലവയലിൽ തല ഉയർത്തി നിൽക്കുന്നു. വളരെക്കാലം മുമ്പു തന്നെ പുരോഗതി പ്രാപിച്ച സംസ്ക്കാരം വയനാട്ടിൽ ഉണ്ടായിരുന്നതിന്റെ ഏറ്റവും കൂടുതൽ തെളിവുകൾ ഇവിടെ പ്രദർശിപ്പിച്ചിരുന്നു. വീരക്കല്ലുകൾ, കളിമണ്ണിൽ തീർത്ത വിഗ്രഹങ്ങൾ, ഉപകരണങ്ങൾ, ലോഹായുധങ്ങൾ, അമ്പ്, വില്ല്, ട്രൈബൽ ഗൃഹോപകരണങ്ങൾ തുടങ്ങിയ



നിരവധി വസ്തുക്കളാണ് ഇവിടെ പ്രദർശനത്തിനുള്ളത്. ഇവിടെനിന്നും എടയ്ക്കൽ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുറ്റിമലയുടെ കാഴ്ച്ചയും അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രവും ദർശിക്കാനാവും. നിരവധി വിദേശ-സ്വദേശ വിനോദസഞ്ചാരികൾ ഇവിടെ സന്ദർശനത്തിനെത്തുന്നു. രാവിലെ 10 മുതൽ 5 മണിവരെ പ്രദർശനമുണ്ട്.



**വയനാട് - താമരശ്ശേരിചുരം - 4 p.m.**

കോഴിക്കോട് - മൈസൂരിനെ ബന്ധിപ്പിക്കുന്ന (NH212) ദേശീയപാതയുടെ ഭാഗമാണ് വയനാട് ചുരം. കോഴിക്കോടിന്റെ അടിവാരം മുതൽ വയനാട് ജില്ലയുടെ തുടക്കമായ ലെക്കിടി വരെയുള്ള ഭാഗമാണ് ചുരം. 9 ഹെയർപിൻ വളവുകളോടുകൂടിയ ഇതിലൂടെയുള്ള യന്ത്രസഞ്ചാരികൾക്ക് പ്രിയങ്കരമാണ് പശ്ചിമഘട്ടത്തിലെ നിത്യഹരിത വനപ്രദേശത്തിന്റെ കുളിർമയോടെ കടന്നുപോകുന്ന യാത്രയിൽ ഉയരം കൂടുമ്പോഴുള്ള ചെവിയടപ്പ് സാധാരണമാണ്. ചുരം റോഡിൽ പലയിടത്തും വ്യൂപോയിന്റുകൾ ഉണ്ട്. ഉയരത്തിൽനിന്നുള്ള കോഴിക്കോട് ജില്ലയുടെ കാഴ്ച എന്നെന്നും ഓർമ്മിക്കും. വയനാട് ചുരം റോഡിനുള്ള വഴി കണ്ടെത്തി (ബ്രിട്ടീഷുകാരെ) സഹായിച്ച ആദിവാസിയെ തളച്ച ചങ്ങലമരം ചുരം കയറിയ ഉടൻ കാണാനാവും. ഇതിനോടടുത്താണ് പൂക്കോട്ട് തടാകം. 12 കി.മീ. ഭാഗമാണ് ചുരം കയറ്റം. ഇതിന് 45 മിനിറ്റ് സമയം വേണ്ടിവരും.



**പൂക്കോട്ട് തടാകം – 5 P.M.**



വയനാട്ടിലെ പ്രമുഖ വിനോദ സഞ്ചാരകേന്ദ്രം. മലനിരകളാൽ ചുറ്റപ്പെട്ട വനപ്രദേശത്ത് പ്രകൃത്യയുള്ള ശുദ്ധജല തടാകമാണ് പൂക്കോട്ട്. ബോട്ടിംഗ് സൗകര്യവും, അക്വേറിയവും ഇവിടെയുണ്ട്. തടാകത്തിനുചുറ്റും കാനനഭംഗി ആസ്വദിച്ച് നടക്കുന്നതും നിരവധിയാളുകളെ ആകർഷിക്കുന്നു. സുന്ദരമായ കാലാവസ്ഥയും വനത്തിന്റെ വന്യതയും തടാകത്തിന്റെ മനോഹാരിതയും കൂടിച്ചേരുമ്പോൾ അപൂർവ്വമായ അനുഭവമാണ് ഇവിടെ ലഭിക്കുക. വൈത്തിരി താലൂക്കിലെ ലെക്കിടിക്കടുത്താണ് ഈ തടാകം. വെറ്റിനറി കോളേജ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ലെക്കിടി ഇതിനോട് ചേർന്നാണ്. ധാരാളം റിസോർട്ടുകളും ഹോട്ടലുകളും ഇവിടെ സഞ്ചാരികളുടെ സൗകര്യമൊരുക്കുന്നു.



